HLM-0162

The Heavenly Light Ministry

ആഴങ്ങൾ തേടുന്ന ദൈവം
ആത്മാവേ നേടുന്ന ദൈവം
ആഴത്തിൻ അനന്തമാം ദൂരത്തിൽ നിന്നെന്നെ
അന്തഃരംഗം കാണും ദൈവം
ആഴങ്ങൾ തേടുന്ന ദൈവം

കരതെററി കടലാകെ ഇളകുമ്പോൾ അഴലുമ്പോൾ
മറപററി അണയുമെൻ ചാരെ
തകരുന്ന തോണിയും ആഴിയിൽ താഴാതെ
കരപററാൻ കരം നൽകും ദൈവം (02) ആഴങ്ങൾ

ഉയരത്തിൽ ഉലഞ്ഞിടും തരുക്കളിൽ ഒളിക്കുമ്പോൾ
ഉയർന്നെന്നെ ക്ഷണിച്ചീടും സ്നേഹം
കനിഞ്ഞെന്റെ വിരുന്നിന് മടിയാതെൻ ഭവനത്തിൽ
കടന്നെന്നെ പുണർന്നീടും സ്നേഹം (02)ആഴങ്ങൾ

മനംനൊന്തു കണ്ണുനീർ തരംഗമായ് തൂകുമ്പോൾ
ഘനമുള്ളെൻ പാപങ്ങൾ മായ്ക്കും
മനംമാററും ശുദ്ധമായ് ഹിമംപോലെ വെണ്മയായ്
കനിവുള്ളെൻ നിത്യനാം ദൈവം (02) ആഴങ്ങൾ

പതിർമാററി വിളവേൽക്കാൻ യജമാനനെത്തുമ്പോൾ
കതിർക്കൂട്ടി വിധിയോതും നേരം
അവനവൻ വിതറുന്ന വിത്തിൻ പ്രതിഫലം
അവനായ് അളന്നീടും ദൈവം (02)ആഴങ്ങൾ